## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 554 — 29.05.2019 ലെ മറുപടിയ്ക്ക്

**<u>ചങ്ങരംകുളം, പൊന്നാനി ട്രഷറികളിലെ ക്രമക്കേടുകൾ</u>**

**<u>ചോദ്യം</u>** — **<u>ഉത്തരം</u>**

ശ്രീ.പി.ഉബൈദുള്ള

ഡോ. റ്റി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിൽ 2018 ഒക്ടോബർ മാസത്തിൽ ആകെ എത്ര രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; | മലപ്പുറം ജില്ലയിലെ ചങ്ങരംകുളം, പൊന്നാനി ട്രഷറികളിൽ 2018 ഒക്ടോബർ മാസത്തിൽ ആകെ 14,30,396/- (പതിനാല് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | എത്ര സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ വ്യാജ സർട്ടിഫിക്കറ്റായി വിതരണം ചെയ്തിട്ടുണ്ട്; ഇങ്ങനെ വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ മൂല്യം എത്രയാണ്; | 54 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ വ്യാജമായി തയ്യാറാക്കി ഇഷ്യൂ ചെയ്യുക വഴി 12,31,600/- (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറ് രൂപ) രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ട്. |
| (സി) | വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുക വഴി സർക്കാരിന് ഏത് രീതിയിലാണ് നഷ്ടം സംഭവിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ പ്രവർത്തികൾ നടത്തുന്നതിനായി ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്തി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കരാറുകാർക്ക് പണയപ്പെടുത്താവുന്നതാണ്. ട്രഷറിയിൽ പണം നിക്ഷേപിക്കാതെ വ്യാജമായ |

| | | |
|---|---|---|
| | | സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളാണ് ടി കേസിൽ കരാറുകാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യ-ത്തിൽ സർക്കാരിന് നേരിട്ട് ധന നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് കരാറുകാർ കരാർ പ്രവർത്തികൾക്കുള്ള അനുമതി ലഭ്യമാക്കിയിരിക്കുന്നതെന്ന് കാണുന്നു. |

**സെക്ഷൻ ഓഫീസർ**